പോലീസ് സേനയിലെ പ്രശ്നങ്ങൾ

72(362) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങൾക്കിടയിൽ അസ്വസ്ഥത വളരുന്നതായും ഗവൺമെന്റിനെതിരെ പോലീസിനുള്ളിൽനിന്നും ഗൂഢനീക്കം നടക്കുന്നതായുമുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ച് വസ്തുതകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഭരണകക്ഷിയിൽപ്പെട്ടവർ പ്രതികളാവുന്ന സംഭവങ്ങളിൽ നിയമാനുസൃത നടപടി സ്വീകരിക്കാതിരിക്കാൻ പോലീസിനുമേൽ സമ്മർദ്ദമുണ്ടാവുന്നുണ്ടെന്നും സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ലെന്നും അറസ്റ്റ് ചെയ്യുന്ന പ്രതികളെ ബലമായി മോചിപ്പിച്ച് കൊണ്ടുപോകുന്നു എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സത്യസന്ധമായി പ്രവർത്തിക്കുന്ന ഉന്നതരായ ഉദ്യോഗസ്ഥർക്കെതിരെ പോലും കള്ളക്കേസ്സ് കൊടുത്തും, കായികമായി നേരിട്ടും പീഡിപ്പിക്കുന്നതായ റിപ്പോർട്ടുകളെക്കുറിച്ച് അറിവുണ്ടോ; അത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ഡി) രഹസ്യ വിവരങ്ങളും റെയിഡുകളെ സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിനാൽ അതീവ ഗൗരവമുള്ള കേസ്സുകളിൽ പോലും പ്രതികൾക്ക് രക്ഷപ്പെടാൻ സാധിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) തലസ്ഥാന നഗരിയിൽ വ്യാജനോട്ടും, അച്ചടി സാമഗ്രികളും നിറച്ച കാറുകൾ കണ്ടെത്തിയിട്ടും, പ്രതികളെ പിടികൂടാനോ അവർക്കുള്ള അന്താരാഷ്ട്ര കറൻസി ഇടപാടുകളെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്താനോ കഴിയാത്തത് എന്തുകൊണ്ടാണ്; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള സമ്മർദ്ദങ്ങൾ ഒരു ഭാഗത്തുനിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില കേസുകളിലെ പ്രതികളെ ബലമായി മോചിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1068/2010 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കള്ളനോട്ടുകളും മറ്റ് ഉപകരണങ്ങളും പിടിച്ചെടുത്ത കേസിന്റെ അന്വേഷണത്തിൽ ഇതുവരെ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നെടുമങ്ങാട് താലൂക്കിൽ വെള്ളനാട് വില്ലേജിൽ കന്യാരുപാറ റീജാഭവനിൽ നിന്നും നെയ്യാറ്റിൻകര താലൂക്കിൽ അതിയന്നൂർ വില്ലേജിൽ റസൽപുരം ബാലരാമപുരം 3-ാം വാർഡിൽ ശാന്തിപുരം എന്ന സ്ഥലത്ത് കാറാന്തല റോഡിനരികത്ത് വീട്ടിൽ ശ്യാം നിവാസിൽ കുട്ടപ്പൻ മകൻ ആര്യനാട് ശ്യാം എന്നും ഞെജു എന്നും വിളിക്കുന്ന ശ്യാമിനെ പ്രതിയാക്കി ബഹു. അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. അന്വേഷണത്തിൽ ഇതുവരെ അന്താരാഷ്ട്ര ബന്ധം കണ്ടെത്തിയിട്ടില്ല.

വടകര പോലീസ് സ്റ്റേഷൻ നവീകരണം

73(364) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടകര മണ്ഡലത്തിൽ പോലീസ് സ്റ്റേഷന്റെ നവീകരണം തുടങ്ങിയ എന്തൊക്കെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്;

(ബി) പോലീസ് സേനയെ നവീകരിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി വടകരയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മൗണ്ടഡ്/ആർമർ പോലീസ് നിയമനം

74(365) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള മൗണ്ടഡ് പോലീസ്, ആർമർ പോലീസ് വിഭാഗങ്ങളിൽ എത്ര കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; 2011 മാർച്ചിൽ ഈ ഓരോ തസ്തികകളിലും എത്ര ഒഴിവ് വരുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ എന്തെല്ലാമാണെന്നറിയിക്കുമോ, പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly